## പരിസര പഠനം

## 2. ഇലയ്ക്കുമുണ്ട് പറയാൻ

**STD:4**

**7-9-2021**

### പ്രവർത്തനം 1


**പാഠപുസ്തകത്തിൽ പേജ് 25 ൽ കൊടുത്തിരിക്കുന്ന ഒരു നെൽമണിയുടെ ആത്മകഥ വായിക്കൂ.**

- **വേനൽ മഴ കിട്ടിയതോടെ നെന്മണിയിൽ ഉണ്ടായ മാറ്റങ്ങൾ എന്തെല്ലാമായിരിക്കും ? നോട്ടുബുക്കിൽ എഴുതുക.**

- **നെന്മണിയുടെ ആത്മകഥ കൂട്ടുകാർ വായിച്ചില്ലേ ? അതുപോലെ നിങ്ങൾക്കിഷ്ടമുള്ള ഏതെങ്കിലും ഒരു വിത്തിന്റെ ആത്മകഥ എഴുതൂ.**

### പ്രവർത്തനം2

**വിത്ത് മുളയ്ക്കുന്നതിന്റെ വിവിധ ഘട്ടങ്ങൾ നിങ്ങൾ നിരീക്ഷിച്ചുവല്ലോ ?**




മുളച്ചു വരുന്ന നെൽ വിത്തിന്റെ വിവിധ ഘട്ടങ്ങൾ

പയർ വിത്തു മുളയ്ക്കുന്നതിന്റെ വിവിധ ഘട്ടങ്ങൾ

- **താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.**

**1) വിത്തിൽ നിന്ന് ആദ്യം മുളച്ച് പുറത്ത് വന്ന ഭാഗം ഏത്?**

**2) ആദ്യം പുറത്തുവന്ന ഭാഗം എന്തായിത്തീരുന്നു?**

3) വേര് ഏതു ദിശയിലേക്ക് വളരുന്നു?

4) വിത്തിൽ നിന്ന് പിന്നീട് മുളച്ച് വന്ന ഭാഗം ഏത്?


5) അത് ഏത് ദിശയിലേക്ക് വളരുന്നു?

6) വിത്തിൽ നിന്ന് രണ്ടാമത് മുളച്ചു വന്ന ഭാഗം എന്തായിത്തീരുന്നു?

7) പയർ വിത്തിന് ഏതുതരം വേരുപടലമാണുള്ളത് ?

8) നെൽ വിത്തിന് ഏതുതരം വേരുപടലമാണുള്ളത് ?

- വിത്ത് മുളയ്ക്കുന്നതിന്റെ വിവിധ ഘട്ടങ്ങൾ നോട്ടുബുക്കിൽ വരയ്ക്കുക .



## പ്രവർത്തനം3.

വിത്ത് മുളയ്ക്കുന്നതിന്റെ വിവിധ ഘട്ടങ്ങളുടെ മാതൃക നിർമ്മിക്കുക . ക്ലേ ,നൂൽ, ചാർട്ട് പോലെയുള്ള വസ്തുക്കൾ ഇതിനായി ഉപയോഗിക്കാം.




## കണ്ടെത്താം എഴുതാം .

- നിങ്ങൾ വിത്ത് മുളപ്പിച്ചപ്പോൾ വെള്ളം മാത്രമല്ലേ ഒഴിച്ചു കൊടുത്തത്? അപ്പോൾ ബീജ മൂലത്തിനും ബീജ ശീർഷത്തിനും മുളച്ചു വളരാൻ ആവശ്യമായ ആഹാരം എവിടെ നിന്നായിരിക്കും കിട്ടിയത് ?
- നിങ്ങൾ മുളപ്പിച്ച ചെടിയിൽ വേരും, തണ്ടും ഇലയുമല്ലാതെ വേറെ ഏതെങ്കിലും ഭാഗങ്ങൾ ഉണ്ടോ ? ആ ഭാഗത്തിന്റെ പ്രത്യേകത എന്താണ് ?

**നിങ്ങൾ കണ്ടെത്തിയ കാര്യങ്ങൾ നോട്ടുബുക്കിൽ എഴുതുക.**